(ബി) കുന്നത്തുനാട് താലൂക്ക് കോതകുളങ്ങര പകുതി തുറവൂർ എന്ന സ്ഥലത്തുനിന്നും ഒരു ഡിസ്പൻസറി സ്ഥാപിച്ചു കിട്ടുവാൻ അപേക്ഷ ലഭിച്ചിട്ടുണ്ടോ;

(സി) അതിനു എന്തു നടപടി നടത്തി?

ധനകാര്യവും റവന്യൂവും വകുപ്പുമന്ത്രി (ശ്രീ. എ. ജെ. ജോൺ): -

(എ) രണ്ടു അപേക്ഷകളെക്കുറിച്ചു് ഇനിയും തീരുമാനമെടുക്കേണ്ടതായിട്ടുണ്ടു്. അതിൽ എത്രയെണ്ണം അനുവദിക്കപ്പെടുമെന്നു ഇപ്പോൾ പറയുവാൻ സാദ്ധ്യമല്ല.

(ബി) ഉണ്ടു്.

(സി) കാലടി ഡിസ്പൻസറി അങ്കമാലിയിലേക്കു് മാറ്റുവാനുള്ള ഒരാലോചനയുണ്ടു്. ഇപ്രകാരം ചെയ്യുകയാണെങ്കിൽ അങ്കമാലിക്കടുത്തുള്ള തുറവൂർ ഒരു ഡിസ്പൻസറിയുടെ ആവശ്യമുണ്ടാകില്ല. ഇതിനെക്കുറിച്ചു് ഗവണ്മെണ്ടു് ആലോചിക്കുകയാണു്.

ഡെറാന്യു തടവുകാർ

*൪൪ (൫൪) ശ്രീ. കെ. കുട്ടപ്പൻ: താഴെ പറയുന്ന ചോദ്യത്തിനു ബഹുമാനപ്പെട്ട ചീഫ് മന്ത്രി സദയം മറുപടി പറയുമോ.—

തിരുവിതാംകൂർ കൊച്ചി സംസ്ഥാനത്തു ഇപ്പോൾ എത്ര ഡെറാന്യു തടവുകാരുണ്ടെന്നും, അവർക്കു മറ്റു തടവുകാരെ അപേക്ഷിച്ചു എന്തെല്ലാം കൂടുതൽ സൌജന്യങ്ങൾ നൽകുന്നു എന്നും പറയുമോ?

ധനകാര്യവും റവന്യൂവും വകുപ്പുമന്ത്രി (ശ്രീ. എ. ജെ. ജോൺ): ഇപ്പോൾ ൨൯ ഡെറാന്യു തടവുകാരുണ്ടു്. അവർക്കു് Security Prisoner's Order അനുസരിച്ചുള്ള ആനുകൂല്യങ്ങൾ നൽകുന്നുണ്ടു്.

പുന്നപ്ര വയലാർ കേസ്സു്

*൪൪. (൫൬) ശ്രീ. കെ. കുട്ടപ്പൻ: താഴെ പറയുന്ന ചോദ്യത്തിനു ബഹുമാനപ്പെട്ട ചീഫ് മന്ത്രി സദയം മറുപടി പറയുമോ.—

പുന്നപ്ര വയലാർ കേസുകളിൽ അവസാന തീരുമാനം ചെയ്യാത്ത എത്ര കേസുകളുണ്ടെന്നും കേസുകൾ ഇപ്രകാരം നീണ്ടു കൊണ്ടുപോകുവാനുള്ള കാരണം എന്താണെന്നും പറയുമോ?

ചീഫ് മിനിസ്റ്റർ ശ്രീ. ടി. കെ. നാരായണപിള്ള: രണ്ടു കേസുകൾ—ക്രൈം നമ്പർ ൪൫/൫൨, ആലപ്പുഴ സൌത്തു് പോലീസ് സ്റ്റേഷൻ, ക്രൈം നമ്പർ ൫൪/൫൨, ചേർത്തല പോലീസ് സ്റ്റേഷൻ)—ഒളിവിലിരുന്ന പ്രതികളെ ഈയിടെ അറസ്റ്റു് ചെയ്തിട്ടുള്ളൂ. അവരുടെ പേരിൽ സപ്ലിമെന്ററി ചാർജ്ജുകൾ ചുമത്തി കേസ്സുകൾ വിചാരണയിൽ ഇരിക്കുന്നു.

JUDGES OF THE HIGH COURT

*46. (59) **Sri. Eapen Arackel:** Will the Hon'ble Chief Minister be pleased to state:

(*a*) is it true that correspondence is going on or has been going on between the Central Government and this Government with respect to the question of the removal of any Judge or Judges of the High Court.

(*b*) if so, will the Government be pleased to state the name or names of such Judge or Judges;

LIBRARY ARCHIVES Kerala Legislative Assembly